REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 11-07-2026** **സമയം 06.45 AM**

## പ്രധാന വാർത്തകൾ

- **പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ഓക്‌ലൻഡിൽ ന്യൂസിലാൻഡ് പ്രധാനമന്ത്രി ക്രിസ്റ്റഫർ ലക്സണുമായി ഉഭയകക്ഷി ചർച്ചകൾ നടത്തും.**
- **ലഹരി മാഫിയക്കെരെ അഞ്ച് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ സ്ഥിരം ഏകോപന സംവിധാനം നടപ്പാക്കുമെന്ന് മന്ത്രി രമേശ് ചെന്നിത്തല.**
- **വയനാട് കള്ളാടി തുരങ്ക പാതാ നിർമ്മാണ സ്ഥലത്തെ മണ്ണ് നീക്കുന്നതിനെ കുറിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ സംസ്ഥാന ഗവണ്മെന്റ് മൂന്നംഗ വിദഗ്ധ സമിതിയെ നിയോഗിച്ചു.**
- **ഇന്ന് ലോക ജനസംഖ്യാ ദിനം.**
- **ഫിഫ ലോകകപ്പ് ഫുട്ബോൾ ക്വാർട്ടറിൽ ബെൽജിയത്തെ തകർത്ത് സ്പെയിൻ സെമിയിൽ.**

## വാർത്തകൾ വിശദമായി

പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ഓക്‌ലൻഡിൽ ന്യൂസിലാൻഡ് പ്രധാനമന്ത്രി ക്രിസ്റ്റഫർ ലക്സണുമായി ഉഭയകക്ഷി ചർച്ചകൾ നടത്തും. രണ്ടു വർഷത്തിനിടയിൽ വ്യാപാരം വാണിജ്യം പ്രതിരോധ മേഖലയിൽ ഗണ്യമായ പുരോഗതി കൈവരിച്ച ബന്ധത്തിന്റെ മുഴുവൻ തലങ്ങളും ഇരുവരും അവലോകനം ചെയ്യും.ബിസിനസ് -കായിക രംഗത്തെ പ്രമുഖരുമായി നരേന്ദ്രമോദി ആശയ വിനിമയം നടത്തും.ഇരു രാജ്യങ്ങൾക്കുമിടയിൽ നിലനിൽക്കുന്ന ജനങ്ങളുടെ ശക്തമായ ബന്ധത്തിന്റെ പ്രതിഫലനത്തിന്റെ ഭാഗമായി ഇന്ത്യൻ പ്രവാസികളുടെ സമ്മേളനത്തെയും പ്രധാനമന്ത്രി അഭിസംബോധന ചെയ്യും.

ഓസ്ട്രേലിയ ഇന്തോനേഷ്യ എന്നീ രാജ്യങ്ങളിലെ വിജയകരമായ സന്ദർശനങ്ങൾ പൂർത്തിയാക്കിയ ശേഷം ത്രി രാഷ്ട്ര പര്യടനത്തിന്റെ മൂന്നാമത്തെയും അവസാനത്തെയും പാദത്തിലാണ് പ്രധാനമന്ത്രി ഓക്‌ലൻഡിലെത്തിയത്. നരേന്ദ്രമോദിയെ ന്യൂസിലാൻഡ് പ്രധാനമന്ത്രി വിമാനത്താവളത്തിൽ നേരിട്ടെത്തിയാണ് സ്വീകരിച്ചത്. കൂടാതെ ഇന്ത്യൻ പ്രവാസികളും അദ്ദേഹത്തിന് ഊഷ്മളമായ സ്വീകരണം നല്കി. ഇന്ത്യയുടെ സമ്പന്നമായ സാംസ്കാരിക പൈതൃകം നൂറ്റാണ്ടുകളായി സംരക്ഷിച്ചതിന് ഇന്ത്യൻ പ്രവാസികളെ നരേന്ദ്രമോദി പ്രശംസിച്ചു.

✪✪✪

ഉപരാഷ്ട്രപതി C.P രാധകൃഷ്ണൻ ഇന്ന് ബിഹാർ സന്ദർശിക്കും. ഗയയിലെ നിയമസഭാ സമുച്ചയത്തിൽ പുതിയ എം എൽ എമാരുടെ പരിശീലന പരിപാടി അദ്ദേഹം ഉദ്ഘാടനം ചെയ്യും.

✪✪✪

ലഹരി മാഫിയക്കെതിരെ കേരളം ഉൾപ്പെടെ അഞ്ച് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ സ്ഥിരം ഏകോപന സംവിധാനം നടപ്പാക്കുമെന്ന് മന്ത്രി രമേശ് ചെന്നിത്തല അറിയിച്ചു. ഇതിന്റെ ഭാഗമായി S.P റാങ്കിന് മുകളിലെ ഉദ്യോഗസ്ഥരെ നോഡൽ ഓഫീസർമാരായി നിയമിക്കും. തിരുവനന്തപുരത്ത് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ പൊലീസ് മേധാവികളുടെ ഏകോപന യോഗത്തിന് ശേഷം സംസാരിക്കുകയായിരുന്നു മന്ത്രി.

നാർക്കോട്ടിക്സ് കൺട്രോൾ ബ്യൂറോ, റവന്യൂ ഇന്റലിജൻസ്, കസ്റ്റംസ്, റെയിൽവേ പ്രൊട്ടക്ഷൻ ഫോഴ്സ് ഉൾപ്പെടെ കേന്ദ്ര ഏജൻസികളിലും നോഡൽ ഓഫീസർമാരെ നിയോഗിച്ച് തത്സമയ വിവര കൈമാറ്റവും സംയുക്ത എൻഫോഴ്സ്മെന്റ് നടപടികളും ഉറപ്പാക്കുമെന്നും രമേശ് ചെന്നിത്തല പറഞ്ഞു.

✪✪✪

ഓപ്പറേഷൻ തൂഫാന്റെ ഭാഗമായ പരിശോധനയിൽ സംസ്ഥാനത്ത് ഇന്നലെ 106 കേസുകൾ രജിസ്റ്റർ ചെയ്തു. 114 പേർ അറസ്റ്റിലായി.

സംസ്ഥാനത്ത് ആകെ 6,288 കേസുകളാണ് ഇതുവരെ രജിസ്റ്റർ ചെയ്തത്. 6,746 പേരുടെ അറസ്റ്റും രേഖപ്പെടുത്തി. 4370 ഓളം ഗ്രാം MDMA യും, 464 കിലോയോളം കഞ്ചാവും പിടിച്ചെടുത്തു.

✪✪✪

വയനാട് കള്ളാടി തുരങ്ക പാതാ നിർമ്മാണവുമായി ബന്ധപ്പെട്ട് കൂട്ടിയിട്ടിരിക്കുന്ന മണ്ണ് നീക്കം ചെയ്യണമെന്നതിനെ കുറിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ സംസ്ഥാന ഗവണ്മെന്റ് മൂന്നംഗ വിദഗ്ധ സമിതിയെ നിയോഗിച്ചു. മുഖ്യമന്ത്രിയും മന്ത്രിമാരും നടത്തിയ കൂടിക്കാഴ്ചയിലാണ് സമിതിയെ നിയോഗിക്കാൻ ധാരണയായത്.

കോഴിക്കോട് NIT പ്രൊഫസർ ഡോ. സന്തോഷ് ജി തമ്പി, പരിസ്ഥിതി ഡയറക്ടറേറ്റ് എഞ്ചിനീയർ ഡോ. ജൂഡ്, NCESS ലെ പ്രതിനിധി എന്നിവരാണ് സമിതി അംഗങ്ങൾ. സമിതിയോട് സ്ഥലം സന്ദർശിച്ച് അടിയന്തര റിപ്പോർട്ട് സമർപ്പിക്കാൻ നിർദേശിച്ചു. സമിതിക്ക് ആവശ്യമായ എല്ലാ സഹായങ്ങളും നൽകാൻ വയനാട് ജില്ലാ കളക്ടറെയും ചുമതലപ്പെടുത്തി.

✪✪✪

UDF ഗവണ്മെന്റ് അധികാരത്തിലെത്തി 50 ദിനങ്ങൾ പിന്നിടുമ്പോൾ ആരോഗ്യവകുപ്പിന്റെ പ്രവർത്തനങ്ങളും സ്വീകരിച്ച നടപടികളും ഉൾപ്പെടുത്തിയ പ്രോഗ്രസ് റിപ്പോർട്ട് രാവിലെ പുറത്തിറക്കും. തിരുവനന്തപുരം മെഡിക്കൽ കോളേജ് പഴയ ഓഡിറ്റോറിയത്തിലെ ചടങ്ങിൽ മന്ത്രി K.മുരളീധരൻ റിപ്പോർട്ട് പ്രകാശനം ചെയ്യും.

✪✪✪

കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയുടെ നട്ടെല്ലായ കശുവണ്ടി വ്യവസായ മേഖല നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ പുനരുദ്ധാരണ പാക്കേജ് ആവശ്യപ്പെട്ട് കേന്ദ്ര ധനമന്ത്രി നിർമ്മലാ സീതാരാമനെ കണ്ട് നിവേദനം നൽകിയതായി മന്ത്രി ഷിബു ബേബിജോൺ അറിയിച്ചു. വിശദമായ പദ്ധതി രേഖ ഉടൻ സമർപ്പിക്കാൻ കേന്ദ്രമന്ത്രി നിർദ്ദേശിച്ചതായി ഷിബു ബേബിജോൺ പറഞ്ഞു.

✪✪✪

ഈ വർഷം മുതൽ ശബരിമലയിലെ മുഴുവൻ സംവിധാനങ്ങളും പൂർണമായും ഡിജിറ്റൽ വൽക്കരിക്കുമെന്ന് ദേവസ്വം ബോർഡ് പ്രസിഡന്റ് കെ. ജയകുമാർ അറിയിച്ചു. അയ്യപ്പന് പ്രത്യേക പബ്ലിസിറ്റിയുടെ ആവശ്യമില്ലെന്നും, ഇനി മുതൽ 'അയ്യപ്പ സംഗമം' ഉണ്ടാകില്ലെന്നും അദ്ദേഹം തിരുവനന്തപുരത്ത് പറഞ്ഞു.

✪✪✪

കോഴിക്കോട് റെയിൽവേ സ്റ്റേഷനിൽ രണ്ടാം നമ്പർ പ്ലാറ്റ് ഫോമിലെ തകർന്ന ക്ലോക്ക് ടവർ പൊളിച്ചു നീക്കുന്ന പ്രവൃത്തികൾ പുരോഗമിക്കുന്നു. സുരക്ഷ മുൻ നിർത്തി പാളികളായി ചെത്തി നീക്കുകയാണ് ചെയ്യുന്നത്.

✪✪✪

ക്ലോക്ക് ടവർ തകർന്നു വീണ് അപകടമുണ്ടായ പശ്ചാത്തലത്തിൽ സ്റ്റേഷനുകളിലെയും, അനുബന്ധ നിർമ്മാണ പ്രവൃത്തികൾ നടത്തുന്ന സ്ഥലങ്ങളിലെയും അപകട സാധ്യതാ നിർമ്മിതികൾ അടിയന്തരമായി പരിശോധിച്ച് മുൻകരുതൽ നടപടികൾ സ്വീകരിക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ ആവശ്യപ്പെട്ടു. പാലക്കാട് റെയിൽവേ ഡിവിഷൻ മാനേജർക്കും, കോഴിക്കോട് റെയിൽവേ സ്റ്റേഷൻ മാനേജർക്കുമാണ് കമ്മീഷൻ ജുഡീഷ്യൽ അംഗം K. ബൈജുനാഥ് നിർദ്ദേശം നൽകിയത്.

നടപടി റിപ്പോർട്ട് 10 ദിവസത്തിനുള്ളിൽ ഹാജരാക്കണമെന്നും കമ്മീഷൻ നിർദ്ദേശിച്ചു. ഈ മാസം 24 ന് നടത്തുന്ന സിറ്റിംഗിൽ കേസ് പരിഗണിക്കും.

✪✪✪

കണ്ണൂർ കൂടാളിക്കടുത്ത് കാർ മരത്തിലിടിച്ച് നാലു പേർ മരിച്ചു. ബംഗളൂരുവിൽ നിന്ന് കണ്ണൂരിലേക്ക് വരികയായിരുന്ന കാറാണ് അർദ്ധരാത്രിയോടെ അപകടത്തിൽപ്പെട്ടത്. കണ്ണൂർ അലവിൽ സ്വദേശി ഷാൻ, ഹൈദരാബാദ് സ്വദേശി ഹർഷ്, ഉത്തർപ്രദേശുകാരൻ പ്രാൺ ജേത്രി, ആദിത്യാ കൃഷ്ണ എന്നിവരാണ് മരിച്ചതെന്ന് പൊലീസ് അറിയിച്ചു. ഒരാൾക്ക് ഗുരുതരമായി പരിക്കേറ്റു.

✪✪✪

ഇന്ന് ലോക ജനസംഖ്യാ ദിനം. അതിവേഗം വളരുന്ന ആഗോള ജനസംഖ്യയും, അതുയർത്തുന്ന വെല്ലുവിളികളും, കുടുംബാസൂത്രണത്തിന്റെ ആവശ്യകതയും സംബന്ധിച്ച് ജനങ്ങളിൽ അവബോധം വളർത്താൻ ലക്ഷ്യമിട്ടാണ് എല്ലാ വർഷവും ജൂലൈ 11 ലോകജനസംഖ്യാ ദിനമായി ആചരിക്കുന്നത്.

✪✪✪

നാസയുടെ മലയാളി ബഹിരാകാശയാത്രികൻ അനിൽ മേനോൻ എട്ട് മാസത്തെ ബഹിരാകാശ നിലയ ദൗത്യത്തിന് ചൊവ്വാഴ്ച പുറപ്പെടും. കസാക്കിസ്ഥാനിലെ ബൈക്കനൂർ കോസ്മോഡ്രോമിൽ നിന്നാണ് അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലേക്ക് പുറപ്പെടുന്നത്.

ഗുരുത്വാകർഷണമില്ലായ്മ ദീർഘകാല ബഹിരാകാശയാത്രികരിൽ രക്തപ്രവാഹം, രക്തഘടന എന്നിവയെ എങ്ങനെ ബാധിക്കുന്നു, ബഹിരാകാശ ദൗത്യങ്ങളിൽ ഭൂമിയിൽ നിന്നും വൈദ്യസഹായം ഒഴിവാക്കാൻ അൾട്രാസൗണ്ട് പരീക്ഷണം എങ്ങനെ നടത്താം എന്നതുൾപ്പെടെയാണ് അനിൽ മേനോന്റെ ഗവേഷണ ദൗത്യം.

✪✪✪

ഫിഫ ലോകകപ്പ് ഫുട്ബോൾ ക്വാർട്ടറിൽ ബെൽജിയത്തെ തകർത്ത് സ്പെയിൻ സെമിയിലെത്തി. ലോസ് ഏഞ്ചൽസ് സ്റ്റേഡിയത്തിൽ ഒന്നിനെതിരെ രണ്ടു ഗോളിനായിരുന്നു സ്പെയിനിന്റെ ജയം.

കൂടുതൽ വിവരങ്ങളുമായി സുരേഷ് എടപ്പാൾ.

....(വോയ്സ്).....

✪✪✪

ഇന്ത്യാ- ഇംഗ്ലണ്ട് അഞ്ച് മത്സര ട്വന്റി 20 ക്രിക്കറ്റ് പരമ്പരയിലെ അവസാന മത്സരം ഇന്ന് സതാംപ്ടണിൽ. റോസ് ബോൾ സ്റ്റേഡിയത്തിൽ രാത്രി ഏഴിനാണ് മത്സരം. മൂന്ന് മത്സരം വിജയിച്ച ഇംഗ്ലണ്ട് നേരത്തെ പരമ്പര സ്വന്തമാക്കിയിട്ടുണ്ട്.

✪✪✪

സെൻട്രൽ ഗവൺമെന്റ് പെൻഷനേഴ്സ് അസോസിയേഷൻ 18-ാമത് എറണാകുളം ജില്ലാ വാർഷിക സമ്മേളനം രാവിലെ അത്താണി KSSPU ഓഫീസിൽ ചേരും. പെൻഷൻ വാലിഡേഷൻ നിയമം അസാധുവാക്കുക, എട്ടാം ശമ്പള കമ്മീഷനിൽ പെൻഷൻകാരെ ഉൾപ്പെടുത്തുക, പാർലമെന്ററി കമ്മിറ്റി ശുപാർശകൾ നടപ്പാക്കുക തുടങ്ങിയ ആവശ്യങ്ങൾ സമ്മേളനം ചർച്ച ചെയ്യും.

✪✪✪

കാസർകോഡ് നഗരപരിധിയിലെ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളെ കോർത്തിണക്കി കാസർകോട് ടൂറിസം സർക്യൂട്ട് പദ്ധതി യാഥാർത്ഥ്യമാക്കാനൊരുങ്ങി ജില്ലാ ഭരണംകൂടം.

കാസർകോട്ടു നിന്ന് P ജഗന്നിവാസൻ.

.....(വോയ്സ്)..................

✪✪✪

സംസ്ഥാനത്ത് ഇന്ന് മുതൽ ചൊവ്വാഴ്ച്ച വരെ മഴയുടെ ശക്തി കുറഞ്ഞേക്കും. ഇന്ന് ഒരു ജില്ലയിലും ജാഗ്രതാ നിർദ്ദേശം നൽകിയിട്ടില്ല.

✪✪✪

കണ്ണൂർ ജില്ലയിൽ സെൻസസിന്റെ ഭാഗമായ വിവര ശേഖരണം ദ്രുതഗതിയിൽ പുരോഗമിക്കുന്നു. 10 ദിവസം കഴിഞ്ഞപ്പോഴേക്കും ജില്ലയിലെ അഞ്ച് എന്യൂമറേറ്റർമാർ 100 ശതമാനം സെൻസസ് പ്രവർത്തനം പൂർത്തിയാക്കി.

കണ്ണൂരിൽ നിന്ന് K.O ശശിധരൻ.

.....(വോയ്സ്).......

✪✪✪

---

*News Editor & News Reader: വി കെ സുരേഷ്*
*News Team: നിമിഷ ജി, രജിന കെ*
*DEO: ഷീബ*